# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം.*359

14/07/2015-ലെ മറുപടിക്ക്

## വിഭവ സമാഹരണപദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ഉമ്മർ<br>ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ. പി.കെ. ബഷീർ<br>ശ്രീ. പി.ബി. അബ്ദുൾ റസാക് | ശ്രീ.കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി ) |
| (എ)അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രത്യേക വിഭവസമാഹരണ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള വിഭവസമാഹരണത്തിലേക്കായി 29.12.2014 ലെ സ.ഉ(പി)നമ്പർ 583/14/ധന പ്രകാരം താഴെപറയുന്ന നടപടികൾ സ്വീകരിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്.<br>(1)കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് |

| | |
|---|---|
| | ബോർഡിനേയും കേരള റോഡ് ഫണ്ട് ബോർഡിനേയും സ്പോൺസർമ്മാരാക്കുന്നതിന് നിയമഭേദഗതി വരുത്തുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഇടക്കാല ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി ജനറൽ ഒബ്ളിഗേഷൻ ബോണ്ടും റവന്യൂ ബോണ്ടും പുറപെടുവിക്കുന്നതാണ്.<br>(2) ദീർഘകാല ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ട്, ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ്, ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട് എന്നിവ മുഖേന ഫണ്ട് സമാഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br>(3)ഇവയുടെ നടത്തിപ്പിനാവശ്യമായ തീരുമാനങ്ങൾ കൈകൊള്ളുന്നതിന് താഴെ പറയുന്ന ഒരു മന്ത്രി സഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| | ധനമന്ത്രി (ചെയർമാൻ)<br>ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് മന്ത്രി<br>വ്യവസായ വകുപ്പ് മന്ത്രി<br>റെയിൽവേയുടെ ചുമതലയുള്ള മന്ത്രി<br>ഊർജ്ജവകുപ്പ മന്ത്രി<br>തുറമുഖവകുപ്പ് മന്ത്രി<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി<br>(4)ഇത് കൂടാതെ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു നിർവ്വഹണ വിഭാഗം രൂപീകരിച്ചിട്ടുണ്ട്.<br><br>(5)നൂതനമായ ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി ഫിനാൻഷ്യൽ കൺസൽട്ടൻസി, ഫിനാൻഷ്യൽ റിസർച്ച്, മെർച്ചന്റ് ബാങ്കിംഗ് തുടങ്ങിയ മേഖലകളിൽ പരിചയമുള്ള ഒരു കൺസൽട്ടന്റ് അഥവാ കൺസൽട്ടിംഗ് ഏജൻസിയുടെ സേവനം സുതാര്യവുമായ മാർഗ്ഗങ്ങളിലൂടെ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള നിർവ്വഹണ |

| | |
|---|---|
| | വിഭാഗത്തിന്റെ അംഗീകാരത്തോട് കൂടി ഏർപ്പെടുത്താൻ ധനവകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. (6)കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ ഭരണപരമായ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ജോയിന്റ് സെക്രട്ടറി റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനും, ഒരു സെക്ഷൻ ഓഫീസറും രണ്ട് അസിസ്റ്റന്റും ഉൾപെടുന്ന ഒരു സെക്ഷൻ (ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) ഇതിനകം സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) പദ്ധതിയിലൂടെ സമാഹരിക്കുന്ന പണമുപയോഗിച്ചുള്ള പദ്ധതികളുടെ ഫീസിബിലിറ്റി, സമയബന്ധിത നിർവ്വഹണം, കൈവരിക്കാനാകുന്ന നേട്ടം എന്നിവ ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനം കൂടി ഇതോടൊപ്പം പരിഗണിക്കുമോ? | പദ്ധതിയിലൂടെ സമാഹരിക്കുന്ന പണമുപയോഗിച്ച് നടപ്പാക്കുന്ന പദ്ധതികളുടെ ഫീസിബിലിറ്റി, സമയബന്ധിത നിർവ്വഹണം, കൈവരിക്കാനാകുന്ന നേട്ടം എന്നിവ ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ